പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2673 — 19/07/2011 ൽ മറുപടിക്ക്

## വെട്ടിക്കുറച്ച റേഷൻ സാധന വിഹിതം പുനഃസ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ.ജി.സുധാകരൻ | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്തെ എ.പി.എൽ., ബി.പി.എൽ കാർഡുടമകൾക്ക് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് കേന്ദ്രം ഓരോ മാസവും അനുവദിക്കുന്ന അരി, ഗോതമ്പ്,പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എ) 2011 ജൂലൈ മാസത്തിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ എ.പി.എൽ., ബി.പി.എൽ കാർഡുടമകൾക്ക് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് കേന്ദ്രം അനുവദിച്ച അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>അരി</u>

എ.പി.എൽ - 36056 എംറ്റി

ബി.പി.എൽ - 26566 എംറ്റി + 7868 എംറ്റി. (അഡ്ഹോക്)

എഎവൈ - 20855 എംറ്റി

<u>ഗോതമ്പ്</u>

എ.പി.എൽ - 11777 എംറ്റി

ബി.പി.എൽ - 6963 എംറ്റി + 2062 എംറ്റി (അഡ്ഹോക്)

<u>പഞ്ചസാര</u>

ബി.പി.എൽ /എഎവൈ - 4113.5 എംറ്റി

<u>മണ്ണെണ്ണ</u>

എ.പി.എൽ/ബി.പി.എൽ/എഎവൈ ഭേദമില്ലാതെ - 15960 കിലോലിറ്റർ

(ബി) ജൂൺ മാസത്തിൽ അനുവദിക്കേണ്ട അരിയുടെയും മണ്ണെണ്ണയുടെയും അളവിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) മണ്ണെണ്ണയുടെ അളവിൽ കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. അരിയുടെ അളവിൽ മുൻമാസത്തിൽ നിന്നും കുറവു വരുത്തിയിട്ടില്ല.

| | | | |
|---|---|---|---|
| (സി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (സി) | 2011 ജൂൺ മാസത്തിൽ 2784 കിലോലിറ്റർ കുറവു ചെയ്ത് 15972 കിലോലിറ്ററും 2011 ജൂലൈ മാസം മുതൽ സെപ്തംബർ വരെ വീണ്ടും കുറവു വരുത്തി പ്രതിമാസം 15960 കിലോലിറ്ററും വീതമാണ് അനുവദിച്ചിരിക്കുന്നത്. |
| (ഡി) | അരിയുടെയും,മണ്ണെണ്ണയുടെയും വിഹിതം വെട്ടിക്കുറച്ചതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതു മൂലം വൈദ്യുതീകരിച്ച വീടുകൾക്കുള്ള മണ്ണെണ്ണ വിഹിതം 2 ലിറ്ററിൽ നിന്നും 1 ലിറ്ററാക്കി കുറവു ചെയ്യുകയുണ്ടായി. ഇത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ വെട്ടിക്കുറച്ച നടപടി പിൻവലിക്കുവാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുമോ ? | (ഇ) | വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.